"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിന് സമത പരിഷത് പ്രൊഡക്ഷൻ സെന്റർ, മുണ്ടൂർ, പാലക്കാട്, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ്, എറണാകുളം, സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ്, തൃശ്ശൂർ എന്നീ ഏജൻസികൾക്ക് നിർദ്ദിഷ്ട മേഖലകളിൽ അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ടും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (IHRD), തിരുവനന്തപുരം എന്ന സ്ഥാപനത്തിന് പുതുതായി അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1578/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.133/2013/തസ്വഭവ തീയതി 30/03/2013.
2. സ.ഉ(സാധാ) നം1159/2013/തസ്വഭവ തീയതി 26/04/2013.
3. സ.ഉ(സാധാ) നം.583/2023/തസ്വഭവ തീയതി 09/03/2023.
4. സ.ഉ(സാധാ) നം.534/2023/തസ്വഭവ തീയതി 03/03/2023.
5. സമത പരിഷത് പ്രൊഡക്ഷൻ സെന്റർ സെക്രട്ടറിയുടെ 09/01/2026-ലെ PPC/REC/164/26 നമ്പർ അപേക്ഷ.
6. സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ് സെക്രട്ടറിയുടെ 10/10/2025-ലെ അപേക്ഷ.
7. സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ് ഡയറക്ടറുടെ 22/01/2026-ലെ CSRD/ACR/65/2022 നമ്പർ അപേക്ഷ.
8. ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ 22/05/2024-ലെ അപേക്ഷയും, 04/01/2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 2.5 ഖണ്ഡിക 4.7. നമ്പർ തീരുമാനവും.
9. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 08/07/2026-ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താൻ പരാമർശം (1) പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അക്രഡിറ്റേഷനുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വിവിധ മേഖലകളിൽ അനുവദിച്ച അക്രഡിറ്റേഷൻ കാലാവധി അവസാനിച്ചതിനാൽ പുതുക്കി നല്കാൻ അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (5), (6), (7) മുഖേന യഥാക്രമം സമത പരിഷത് പ്രൊഡക്ഷൻ സെന്റർ സെക്രട്ടറിയും, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ് സെക്രട്ടറിയും, സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ് ഡയറക്ടറും, പരാമർശം (8) പ്രകാരം പുതുതായി അക്രഡിറ്റേഷൻ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് 04/01/2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 2.5 ഖണ്ഡിക 4.7. നമ്പർ തീരുമാന പ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടറും സർക്കാരിലേക്ക് അപേക്ഷ നല്കിയിരുന്നു.

പരാമർശം (5) മുതൽ (8) വരെ പരാമർശിച്ച അപേക്ഷകളിന്മേൽ കില ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട്, പരാമർശം (9)-ൽ പ്രതിപാദിച്ച അക്രഡിറ്റേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു. ഏജൻസികൾ ശേഷിക്കധികരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളതല്ല.

| ക്രമ നം. | ഏജൻസിയുടെ പേര് | മേഖല |
|---|---|---|
| 1. | സമത, പരിഷത് പ്രൊഡക്ഷൻ സെന്റർ, മുണ്ടൂർ, പാലക്കാട്. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 1.5 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ വൈദ്യുതോർജ്ജ പദ്ധതികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിനുള്ള അക്രഡിറ്റേഷൻ 09/03/2026-മുതൽ 3 വർഷത്തേക്ക് പുതുക്കി നല്കുന്നു. |
| 2. | സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ്, (CSES) എറണാകുളം. | (1) ജി.ഐ.എസ് മാപ്പിംഗ് (GIS Mapping) (2) കാര്യശേഷി വികസനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (Capacity building and IEC Activities), (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒഴികെ) (3) വിശദ പദ്ധതി രേഖ തയ്യാറാക്കൽ (Preparation of detailed Project Reports) എന്നീ മേഖലകളിലെ അക്രഡിറ്റേഷൻ 12/12/2025 മുതൽ 3 വർഷത്തേക്ക് പുതുക്കി നല്കുന്നു.<br><br>കൂടാതെ (1) ഗവേഷണ പഠനങ്ങൾ (Research |

| | | |
|---|---|---|
| | | Studies), (2) വിലയിരുത്തൽ പഠനങ്ങൾ (Evaluation Studies), (3) പ്രോഗ്രാം മോണിറ്ററിംഗ് (Monitoring of Programmes) (4) നീർത്തടാധിഷ്ഠിത വികസന പ്ലാനുകൾ തയ്യാറാക്കൽ (Preparation of Watershed based development Plans), (5) മാതൃകാ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ (Documentation of Best Practices) എന്നീ മേഖലകളിലെ അക്രഡിറ്റേഷൻ 03/03/2026 മുതൽ 3 വർഷത്തേക്ക് പുതുക്കി നല്കുന്നു. |
| 3. | സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ്, തൃശ്ശൂർ. | ജി.ഐ.എസ് മാപ്പിംഗ്, (GIS Mapping), ജി.ഐ.എസ്. അധിഷ്ഠിത നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്നീ മേഖലകളിലെ അക്രഡിറ്റേഷൻ 12/12/2025 മുതൽ 3 വർഷത്തേക്കും, ജി.ഐ.എസ് അധിഷ്ഠിത ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റേഷൻ 09/03/2026 മുതൽ 3 വർഷത്തേക്കും പുതുക്കി നല്കുന്നു. |
| 4. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (I.H.R.D.), തിരുവനന്തപുരം. | 04/01/2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.5 ഖണ്ഡിക 4.7 പ്രകാരം തീരുമാനമെടുത്തതിൽ (1) പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പ്രവർത്തനങ്ങളുടെ ഏകോപനങ്ങളിലും പ്രൊഫഷണലിസം ഉറപ്പുവരുത്തുന്നതിനായി ഐ.എച്ച്.ആർ.ഡിയുടെ അനുബന്ധ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധരുടെ സഹായം ഉപയോഗിക്കുന്നതിനും (2) നൈപുണ്യ പരിശീലന പദ്ധതികളിൽ ഐ.എച്ച്.ആർ.ഡിയുടെ സേവനം ഉപയോഗിക്കുന്നതിനും മാത്രം കിലയുടെ പ്രവർത്തന മേഖലകളിലൊഴികെ എന്ന നിബന്ധനയോടെ ഉത്തരവ് തീയതി മുതൽ 3 വർഷത്തേക്ക് അക്രഡിറ്റേഷൻ അനുവദിക്കുന്നു. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

2. ഡയറക്ടർ, കില, തൃശ്ശൂർ.

3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

4. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

6. സെക്രട്ടറി, സമത പരിഷത് പ്രൊഡക്ഷൻ സെന്റർ, മുണ്ടൂർ, പാലക്കാട്.

7. സെക്രട്ടറി, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ്, പാടിവട്ടം, കൊച്ചി 682024.

8. ഡയറക്ടർ, സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ്, രണ്ടാം നില, പുളിക്കൻ ഹൈപ്പർ ബസാർ, പുതുക്കാട് 680 301, തൃശ്ശൂർ.

9. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (I.H.R.D), ടി.സി.86/1949(2), എൻ.എച്ച് ബൈപാസ് ജംഗ്ഷൻ, ചാക്ക, പേട്ട പി.ഒ, തിരുവനന്തപുരം 695 024.

10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം,

11. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

12. ഡയറക്ടർ, വെബ് ആന്റ് ന്യൂമീഡിയ ഡിവിഷൻ, തിരുവനന്തപുരം.

13. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (Comp. No.3301909)

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 21-08-2026
16:50:57

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.